പാഠം - 33 Lesson - 33

# യേശുക്രിസ്തു നിസ്തുല്യൻ

**വായനഭാഗം:** യോഹ. 1:1-18 എബ്രാ. 1:1-12 എബ്രാ. 9:11-28 കൊലൊ. 1:14-20

**മനഃപാഠം: എബ്രാ. 7:4**

ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ; ഗോത്ര പിതാവായ അബ്രഹാം കൂടെയും അവനു കൊള്ള യുടെ വിശേഷസാധനങ്ങളിൽ പത്തിലൊന്നു കൊടുത്തുവല്ലോ.

**പാഠോദ്ദേശ്യം:** യേശുക്രിസ്തുവിന്റെ നിസ്തുല മായ മഹത്വവും സമ്പൂർണ്ണതയും ഗ്രഹിച്ച് ജീവിതം കർത്താവിനായി സമർപ്പിക്കുക. ആത്മാവിലും സത്യത്തിലും തന്നെ ആരാധിക്കുക.

**പ്രാരംഭം:** നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുകയും ആരാധിക്കുകയും ചെയ്യുന്ന ആൾ ആരാണ്? എന്തുകൊണ്ടാണ് നിങ്ങൾ ആ ആളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നത്? മനുഷ്യർ സാധാരണയായി രാഷ്ട്രീയ നേതാക്കളെയും കായികതാരങ്ങളെയും സിനിമാതാരങ്ങളെയും മറ്റും ആദരിക്കുന്നവരാണ്. നാം വേദപുസ്തകത്തിൽ പല വീരകഥാപാത്രങ്ങളെ സംബന്ധിച്ചു വായിക്കുന്നു. അവരിൽ ചിലരെക്കുറിച്ച് നാം പഠിച്ചുവല്ലോ? അവരുടെയെല്ലാം ജീവിതത്തിൽ അനുകരണീയമായ പല ഗുണങ്ങളും ഉണ്ടെങ്കിലും അവരാരും പരിപൂർണ്ണരായിരുന്നില്ല. മറ്റു മതസ്ഥാപകരുടെ ചരിത്രം പഠിച്ചാൽ അവരെല്ലാം സമർത്ഥരായ ബുദ്ധിജീവികൾ ആയിരുന്നെങ്കിലും യേശുക്രിസ്തുവിനോട് തുലനം ചെയ്യുവാൻ അർഹതയില്ലാത്തവരാണെന്ന് മനസ്സിലാക്കണം. ഇവൻ എത്ര മഹാൻ എന്ന് നോക്കുവിൻ എന്നത്രേ എബ്രായലേഖന എഴുത്തുകാരൻ ആഹ്വാനം ചെയ്യുന്നത് (എബ്രാ. 7:4) നമുക്ക് പ്രാർത്ഥനയോടു കൂടി യേശുവിനെ ശ്രദ്ധിച്ചു നോക്കാം. (എബ്രാ. 3:1)

### 1. പ്രവചന പുരുഷൻ

യേശുക്രിസ്തുവിന്റെ ജനനം, ശുശ്രൂഷ, കഷ്ടാനുഭവനം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ യാദൃശ്ചിക സംഭവങ്ങളായിരുന്നില്ല. അനേകായിരം വർഷങ്ങൾക്ക് മുമ്പ് മുതൽ പ്രവാ

# The uniqueness of Jesus Christ

**Portion to read**: John 1:1-18, Heb. 1:1-12, 9:11-28, Colo. 1: 14-20,

**Memory Verse**: Hebrews 7:4

Now consider how great this man was, unto whom even the patriarch Abraham gave the tenth of the spoils.

**Objective:** To understand the incomparable glory and the perfection of Jesus Christ and to commit ourselves to his hands. To worship him in Spirit and truth.

**Introduction**: Who is the person whom you respect the most? Why do you respect and love that person? In this world, usually, men respect politicians, sportsmen and cine artists. But their name and glory are only temporary. We learn about many heroes in the bible. All of them have many good qualities but none of them were perfect. If we were to learn about other religious leaders, they were intellectual giants, but could not be compared to the life of Jesus Christ. The apostle Paul says" consider how great this man was (Heb. 7:4). Let us look at him prayfully (Heb. 3:1)

### 1) He was a man of prophecies

Jesus Christ's birth, life, death, resurrection, and ascension to heaven were all prophesied by prophets even centuries before his birth (refer to the chapter "Christ

ചകന്മാർ മുഖാന്തരം അരുളി ചെയ്ത വചനങ്ങളുടെ നിവൃത്തിയായിരുന്നു അവയെല്ലാം (പ്രവാചകന്മാർ ദർശിച്ച ക്രിസ്തു എന്ന പാഠം നോക്കുക)

**2. ജനനത്തിൽ നിസ്തുല്യൻ**

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവമായിരുന്നു. വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1;1-8) ത്രിത്വത്തിൽ ഒരുവനായ യേശു ക്രിസ്തു നിസ്തുലവും അത്ഭുതകരവുമായ വിധത്തിൽ പുരുഷബന്ധം കൂടാതെ ഒരു കന്യകയിൽ നിന്ന് ഭൂജാതനായി. യെശ. 7:1 മത്താ. 1:20–21

**3. ജീവിതത്തിൽ നിസ്തുലൻ**

യേശു ഈ ലോകത്തിൽ മനുഷ്യനായി ജീവിച്ചപ്പോൾ തന്നിൽ വിളങ്ങിയിരുന്ന നീതി, വിശുദ്ധി, വിനയം, സ്നേഹം, ആർദ്രത, ദീർഘക്ഷമ മുതലായ ദൈവീക ഗുണവിശേഷങ്ങൾ തന്റെ ശത്രുക്കളെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. ലൂക്കൊ. 1:35, മർക്കൊ. 1:24, പ്രവൃ. 3:14 നന്മ ചെയ്തും പിശാചു ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കികൊണ്ട് സഞ്ചരിച്ചു (പ്രവൃ.10:38). രോഗികളെ സൗഖ്യമാക്കി മരിച്ചവരെ ഉയർപ്പിച്ചു. ലൂക്കൊ. 4:40, യോഹ. 32:44

**4. ആളത്വത്തിൽ നിസ്തുലൻ**

യേശുക്രിസ്തുവിൽ സമ്പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യത്വവും അത്ഭുതകരമായി സംയോജിച്ചിരുന്നു. യേശു ദാവീദിൻ പുത്രൻ (മത്താ. 1:1) ആയിരിക്കുമ്പോൾ തന്നെ ദാവീദിന്റെ കർത്താവും ആയിരുന്നു. (മത്താ. 22:43–46)

**5. ഉപദേശത്തിൽ നിസ്തുലൻ**

യേശു സംസാരിച്ചതു പോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല. യോഹ. 7:8 തന്റെ വചനങ്ങൾ പ്രവാചകന്മാരുടേതിൽ നിന്നും ശ്രേഷ്ഠതയേറിയതും അധികാരത്തോടു കൂടിയതുമായിരുന്നു. തന്റെ ഉപദേശങ്ങൾ എല്ലാ മതസ്ഥരും ഒരുപോലെ ആദരിക്കുന്നു.

**6. മരണത്തിൽ നിസ്തുലൻ**

യേശുക്രിസ്തുവിന്റെ ശാരീരിക മരണം സ്വാഭാവീക മരണമോ, രക്തസാക്ഷിമരണമോ, സ്വന്തപാപങ്ങൾക്കു വേണ്ടിയുള്ള മരണമോ ആയിരുന്നില്ല. പ്രത്യുത അത് പ്രായശ്ചിത്ത മരണം, പ്രതിപകര മരണം, പാപപരിഹാര മരണം എന്നീ നിലകളിലത്രെ. 4 ന്യായാധിപന്മാരുടെ മുമ്പാകെ ആയി ഏഴു

foreseen by prophets).

**2) He was unique in birth**

In the beginning was the word. The word was with God. The word became flesh and he dwelt among us in the fullness of grace and truth (John 1:1-18). Jesus was born of a virgin (Isaiah 7:1, Matthew 1:20 – 23)

**3) He was unique in life**

The righteous, holiness, humility, love, long-suffering, patience that Jesus had in his earthly life, astounded even his enemies (Luke 1:35, Mark 1:24, Acts 3':14). He went about healing the sick and demon-possessed. (Acts 10:38). He raised the dead (Luke 4:40, John 32:44)

**4) He was unique in his being**

He was God and flesh mixed in a wonderful way. Jesus was the son of David (Mat. 1:1) and the Lord of David at the same time (Mat. 22:43- 46).

**5) He was unique in his doctrine**

No one has ever spoken as Jesus spoke (John 7:8). His words were with authority. His doctrine is accepted by men of all religions.

**6) He was unique in his death**

Jesus's physical death was not an accident, martyrdom or for his own sins. But it was a compensatory sacrifice for the sins of all human beings. He was tried by 4 judges, 7 times. But none of them could

പ്രാവശ്യം താൻ വിസ്തരിക്കപ്പെട്ടു. പക്ഷെ അവർക്കാർക്കും യേശുവിൽ ഒരു കുറ്റവും കാണുവാൻ കഴിഞ്ഞില്ല. “അവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല” എന്ന് വിധിച്ച ശേഷം പീലാത്തോസ് യേശുവിനെ ക്രൂശിക്കേണ്ടതിന് ഏൽപ്പിച്ചു കൊടുക്കുകയാണ് ചെയ്തത്. ലൂക്ക. 23:4, 22, 23:26 ഇതുപോലെ ഒരു സംഭവം ലോക ചരിത്രത്തിൽ ഇല്ല. പാപത്തിനും മരണത്തിനും അധീനരായി മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തത് ക്രിസ്തുവേശുവിനോടുകൂടി സ്വർഗ്ഗീയ മഹത്വത്തിന് അവകാശികളാക്കുന്നതിനുള്ള ദൈവീക പദ്ധതിയുടെ കേന്ദ്രമെന്ന നിലയിലാണ് ക്രിസ്തുവിന്റെ ക്രൂശുമരണം ഏറ്റവും നിസ്തുല്യമായിരിക്കുന്നത്. ദൈവസ്നേഹത്തിന്റെയും നീതിയുടെയും ശക്തിയുടെയും ജ്ഞാനത്തിന്റെയും പ്രദർശനമായി യേശുവിന്റെ ക്രൂശുമരണം നിലകൊള്ളുന്നു. (റോമ. 5:8, 17, 1:16 1കൊരി. 1:23) യേശുക്രിസ്തുവിന്റെ മരണത്തോടനുബന്ധിച്ചുണ്ടായ പ്രകൃതി സംഭവങ്ങൾ ഇരുട്ട്, തിരശ്ശീലയുടെ ചീന്തൽ, ഭൂമി കുലുക്കം, പാറകളുടെ പിളർപ്പ്, മരിച്ചവരുടെ ഉയർപ്പ് - ആ മഹൽ സംഭവത്തിന്റെ നിസ്തലതു വെളിപ്പെടുത്തുന്നു.

**7. ഉയർത്തെഴുന്നേൽപ്പിൻ നിസ്തുലൻ**

ലോകത്തിലെ മഹാന്മാരുടെയും മതഗുരുക്കളുടെയുമെല്ലാം കല്ലറ അടയ്ക്കപ്പെട്ടിരിക്കുമ്പോൾ ക്രിസ്തുവിന്റെ തുറക്കപ്പെട്ട കല്ലറ ഒരു യാഥാർത്ഥ്യമായിരിക്കുന്നു. യേശുവിന്റെ പുനരുത്ഥാനത്തെ തുടർന്ന് തന്റെ ശിഷ്യന്മാരിൽ ആർജ്ജിച്ച ധൈര്യം, അവരുടെ സാക്ഷ്യം, സഭയുടെ വളർച്ച, നാം ഇന്നനുഭവിക്കുന്ന പുനരുത്ഥാന ജീവൻ ഇവയെല്ലാം ഈ മഹൽ സംഭവത്തെ സ്ഥിരീകരിക്കുന്നു (പ്രവൃ. 2:32)

**8. പൗരോഹിത്യത്തിൽ നിസ്തുലൻ**

എബ്രായലേഖനം മുഖ്യമായി വെളിപ്പെടുത്തുന്നത് യേശുക്രിസ്തുവിന്റെ നിസ്തുല്യ പൗരോഹിത്യമത്രെ. എബ്രാ. 3:1, 4:14-16, 5: 5-10 6:20, 7:1, 8:1-6, 10:9-14 യേശുക്രിസ്തു ദൂതന്മാരെക്കാൾ, മോശെയെക്കാൾ, അഹരോനെക്കാൾ എത്ര ശ്രേഷ്ഠനാണ് എന്ന് എബ്രായ ലേഖന കർത്താവ് തെളിയിച്ചിട്ടുണ്ട്.

എല്ലാ നിലകളിലും നിസ്തുലനായ യേശുക്രിസ്തുവിനെ അറിയുവാൻ ഇടയാകുന്നത് എത്ര ഭാഗ്യകരം. താൻ നമ്മുടെ രക്ഷിതാവും, പരിപാലിക്കുന്ന ഇടയനും, ജീവന്റെ വെളിച്ചവും സൗഖ്യദാ

find fault in him (Luke 23:4, 22, 26). Yet Pilate delivered him to be crucified. Jesus's death is incomparable because it is the central point of God's plan to reconcile the sinful mankind to his heavenly plan (Rom. 5:8, 17, 1:16, 1 Corinthians 1:23).The changes that the universe showed during his death depicts the uniqueness of his death.

**7) He was unique in his resurrection**

When the tombs of all the religious leaders of the world remain closed, Jesus tomb is left open. The transformation that came to Jesus disciples confirms the fact of his resurrection (Acts 2:32)

**8) He was unique in his priesthood**

The epistle to Hebrews clearly depicts the priesthood of Jesus (Heb. 3:1, 4:14-16, 5:5-10, 6:20, 7:1, 8:1-6, 10:9-14). He is more exalted than the angels, Moses, Aaron and the temple.

It is a blessing to know about Jesus Christ. He is our savior, shepherd, light, healer, priest and the one who is to come again to this world to gather us to dwell with him in heaven. Who is Jesus to you? Have you experienced Jesus Christ as your saviour and spiritual bridegroom?

**Jesus, the Saviour**

It is this unique Jesus who says, 'you can have redemption through me'. Rom. 10:9

യകനും, നമുക്കു വേണ്ടി സദാ ജീവിക്കുന്നവനും മഹാപുരോഹിതനും നമ്മെ ചേർക്കുവാൻ എത്രയും വേഗം മടങ്ങി വരുന്നവനുമായ അരുമമണവാളനു മത്രെ. നിങ്ങൾക്ക് യേശു ആരായിരിക്കുന്നു? നിങ്ങൾ യേശുവിനെ രക്ഷിതാവും കർത്താവും ആത്മമണ വാളനുമായി അനുഭവിച്ചറിയുന്നുവോ?

**യേശു രക്ഷകൻ**

ഈ നിസ്തുലനായ ക്രിസ്തു മാത്രമാണ് എന്നിൽക്കൂടെ പാപമോചനവും രക്ഷയും പ്രാപി ക്കാമെന്നു പറഞ്ഞിരിക്കുന്നത്. ഏതു മദ്ധ്യസ്ഥനും തന്റെ പാപത്തെക്കുറിച്ച് അനുതപിച്ച്, പാപക്ഷമ യ്ക്കായി ദൈവത്തോടു അപേക്ഷിച്ച് യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർത്തെഴു ന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കു കയും ചെയ്താൽ നീ രക്ഷിക്കപ്പെട്ടു. റോമ. 10:9 യേശുക്രിസ്തുവിന്റെ ക്രൂശുമരണം നമുക്കു പക രമായിട്ടുള്ളതാണ്. അതു വിശ്വാസത്താൽ അംഗീ കരിച്ച് പാപങ്ങളെ വിട്ടുമാറി വിശ്വാസം വായ്കൊണ്ട് ഏറ്റുപറഞ്ഞാൽ ഒരുവന് പാപങ്ങളിൽനിന്നും മോചനം പ്രാപിച്ച് നിത്യരക്ഷയ്ക്കായി അർഹനാ കാവുന്നതാണ്. ഈ യേശു മാത്രമാണ് ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കുവാൻ പോകുന്നു, പിന്നെ വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളു എന്നു പറഞ്ഞിരിക്കുന്നത്.

യേശുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കന്ന ഏവനും ദൈവമക്കളായിരിക്കാൻ അവകാശം നൽകപ്പെട്ടിരിക്കുന്നു (യോഹ. 1:12). താൻ രാജത്വം പ്രാപിച്ചു മടങ്ങി വരുമ്പോൾ തന്റെ മക്കളായി തീർന്നവർ തന്റെ മണവാട്ടി സഭയായി മാറും. യേശുവിന്റെ മരണപുനരുത്ഥാനങ്ങളോട് ഏകീഭവിക്കുന്നതിനുള്ള വിശ്വാസ സ്നാനം (മുഴ വൻ സ്നാനം) ആണ് രക്ഷിക്കപ്പെട്ടവർക്കായുള്ള അടുത്ത നടപടി. പരിശുദ്ധാത്മ സ്നാനവും ഒരു വിശ്വാസിയുടെ നിലനില്പിന് അത്യാവശ്യമാണ്.

**ചോദ്യങ്ങൾ**

1. യേശുവിനെ നിങ്ങൾ ഏതെല്ലാം നിലകളിൽ അനുഭവിച്ചറിയുന്നു?

2. യേശുക്രിസ്തുവിന്റെ പൗരോഹിത്യം അഹ രോന്റെ പൗരോഹിത്യത്തെക്കാൾ ശ്രേഷ്ഠമാണെന്ന് പറയുന്നതെന്തുകൊണ്ട്?

3. യേശുക്രിസ്തുവിന്റെ ക്രൂശുമരണം നിസ്തു ലമായിരുന്നു എന്തുകൊണ്ട്?

says 'That if thou shalt confess with thy mouth the Lord Jesus, and shalt believe in thine heart that God hath raised him from the dead, thou shalt be saved.' The crucifixion of Christ was for the cleansing from all our sins. If we reject our sins and believe in our heart and confess the Lordship of Christ with our mouth, we shall be saved. It was only Jesus who said, I am going to prepare a place for you, and when I have prepare it, will come to take you with me.

'But as many as received him, to them gave he power to become the sons of God, *even* to them that believe on his name' (John 1:12).when Jesus shall return as the king, his beloved children will be like the bride waiting for her bridegroom. It is faith baptism with full immersion that is the next step of a saved person. Moreover baptism in the Spirit is also very essential for a successful Christian living.

**Questions:**

1) How all do you experience Jesus in your life?

2) Why is the priesthood of Jesus higher than that of Aaron?

3) Jesus's crucifixion was unique. Why?